**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 208** **13-12-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതിക്കുള്ള ധനസമാഹരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം.കെ . മുനീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതികൾക്കായി നിലവിൽ ധനം സമാഹരിക്കുന്നത് എപ്രകാരമാണെന്ന് വിശദമാക്കാമോ; | (എ) | കിഫ് ആക്ടിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായും റിസർവ്വ് ബാങ്ക്, സെബി തുടങ്ങിയ നിയന്ത്രണ ഏജൻസികളുടെ നിയമങ്ങൾക്കും വിധേയമായാണ് കിഫ്ബിയുടെ ധനസമാഹരണം. ഇതിൽ ധനവിപണിയിൽ നിന്നും ലോണുകൾ ബോണ്ടുകൾ തുടങ്ങി വിവിധ ധനകാര്യ ഉപാധികളിലൂടെ സമാഹാരിക്കുന്ന തുകകളും, കിഫ് ആക്ട് പ്രകാരം സർക്കാരിൽ നിന്നും നിയമപരമായി ലഭിക്കുന്ന മോട്ടോർവാഹന നികുതിയുടെ നിശ്ചിത വിഹിതം, പെട്രോളിയം സെസ്സ് മറ്റ് ഗ്രാന്റുകൾ എന്നിവയും ഉൾപ്പെടും. കൂടാതെ ഉടനടി ആവശ്യമില്ലാത്ത തുക ഹ്രസ്വകാല നിക്ഷേപങ്ങൾ നടത്തി ആയതിൽ നിന്നും പലിശയിനത്തിൽ ലഭിക്കുന്ന തുകയും കിഫ്ബി അതിന്റെ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തിവരുന്നു. 2022 നവംബർ 30 വരെയുള്ള കണക്കുകൾ പ്രകാരം പൊതുവിപണിയിൽ നിന്ന് കിഫ്ബി 19,220.48 കോടി രൂപ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ വിവിധ ഇനത്തിൽ സർക്കാരിൽ നിന്നും 14,919.61 കോടി രൂപ കിഫ്ബിയ്ക്ക് ലഭിച്ചിട്ടുണ്ട്.<br><br>കിഫ്ബി അംഗീകരിച്ച പദ്ധതികളിൽ ചിലത് വരുമാനദായകമായവയാണ്. ഈ പദ്ധതികൾ പ്രവർത്തനക്ഷമമാകുന്ന മുറക്ക് അതിൽ നിന്നുള്ള തിരിച്ചടവും കിഫ്ബിക്ക് ലഭിക്കും. നാളിതുവരെ ഇത്തരത്തിലുള്ള പദ്ധതികളിൽ നിന്നും 762.16 കോടി രൂപ കിഫ്ബിയ്ക്ക് ലഭിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ കടം എടുക്കുന്നതിൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന നിയന്ത്രണങ്ങൾ കിഫ്ബി പദ്ധതികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പത്തോ ഇരുപതോ വർഷങ്ങൾക്കപ്പുറം മാത്രം സാധ്യമാകുമായിരുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളെ ഇന്ന് നടപ്പിലാക്കി സംസ്ഥാനത്തിന്റെ സമ്പത്ത് ഘടനയെ ഉത്തേജിപ്പിക്കുന്ന ഒരു മാന്ദ്യ വിരുദ്ധ പാക്കേജ് |

| | | | |
|---|---|---|---|
| | | | കൂടിയായാണ് കിഫ്ബി മുഖേനയുള്ള വികസന പ്രവർത്തനങ്ങൾ സർക്കാർ ആവിഷ്കരിച്ചത്. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ദുർബ്ബലമാകുമായിരുന്ന സമ്പദ് ഘടനയിലേക്ക് 8,987.31 കോടി രൂപയാണ് 2019-20, 2020-21 എന്നീ വർഷങ്ങളിലായി കിഫ്ബി പദ്ധതികളിലൂടെ നൽകാൻ കഴിഞ്ഞത്. ഇതെല്ലാം തന്നെ പൊതുജനമധ്യത്തിൽ സർക്കാരിന് വലിയ മതിപ്പുണ്ടാക്കിയവയായിരുന്നു. മികച്ച റോഡുകളും പാലങ്ങളും ആശുപത്രികളും ആധുനിക വിദ്യാലയങ്ങളും ജനങ്ങൾ നേരിട്ട് അനുഭവിച്ചറിഞ്ഞു. ആദ്യം ലക്ഷ്യം വെച്ചിരുന്ന 50,000 കോടി രൂപയുടെ പദ്ധതികൾ ഇന്ന് 74,000 കോടി രൂപയോളം വരുന്ന ബൃഹത്ത് പദ്ധതികളിൽ എത്തിയിരിക്കുന്നു. 22,193 കോടിയോളം രൂപ വിവിധ പദ്ധതികളിലേക്കായി ഇതിനോടകം നൽകികഴിഞ്ഞിരിക്കുന്നു. കിഫ്ബി മാതൃക മറ്റ് സംസ്ഥാനങ്ങളും അവലംബിക്കുന്ന ഒരു സ്ഥിതി വിശേഷം ഉണ്ടായി.<br><br>ഈ അവസരത്തിലാണ് സർക്കാരിന്റെയും കിഫ്ബിയുടെയും പ്രവർത്തനങ്ങളെ താളം തെറ്റിക്കുന്ന വിധത്തിലുള്ള ചില നടപടികൾ കേന്ദ്ര ധനകാര്യ മന്ത്രാലയം സ്വീകരിച്ചത്. സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുക എന്ന ലക്ഷ്യത്തോടെയുള്ള നിയന്ത്രണങ്ങളാണ് സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ നുഴഞ്ഞ് കയറിയും നിയമവ്യവസ്ഥകളെ വളച്ചൊടിച്ചും കേന്ദ്ര സർക്കാർ നടപ്പിലാക്കുന്നത്. വിപണിയിൽ നിന്നും പണം കണ്ടെത്തുന്നതിനുള്ള ശ്രമങ്ങളെ ഈ നിയന്ത്രണങ്ങൾ ബാധിക്കുന്നു. ഇത് സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് എതിരായുള്ളതും അവയെ തുരങ്കം വയ്ക്കുവാൻ ലക്ഷ്യമാക്കിയുള്ളവയുമാണ്. |
| (സി) | നിലവിൽ തുടർന്നുവരുന്ന കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പലതരത്തിലുള്ള പ്രതിബന്ധങ്ങൾ സൃഷ്ടിച്ച് കിഫ്ബിയുടെ പ്രവർത്തനങ്ങളെ അസ്ഥിരപ്പെടുത്തുവാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും കിഫ്ബി അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയാണ്. നിലവിൽ തുടർന്നുവരുന്ന കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പദ്ധതികളിലെ തടസങ്ങൾ പരിഹരിച്ച് സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി നിശ്ചിത സമയ ഇടവേളകളിൽ പദ്ധതി നിർവഹണ ഏജൻസികളുടെയും ബന്ധപ്പെട്ട ഭരണവകുപ്പിന്റെയും അവലോകനയോഗങ്ങൾ കിഫ്ബി നടത്തി വരുന്നു. |

| | | | | |
|---|---|---|---|---|
| | | | | കൂടാതെ കിഫ്ബിയുടെ ഉദ്യോഗസ്ഥർ പദ്ധതി നിർവഹണ സ്ഥലങ്ങൾ സന്ദർശിച്ച് ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്തി പദ്ധതിയുടെ നടത്തിപ്പിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. പദ്ധതി നിർവഹണ ഏജൻസികൾക്ക് ആവശ്യമായ പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ കിഫ്ബി വഴി നേരിട്ട് നടപ്പിലാക്കുന്നത് കൂടാതെ, കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന പദ്ധതി നിർവഹണ ഏജൻസികൾക്ക് സാങ്കേതിക സഹായം നൽകിവരുന്നുണ്ട്. ഇതിനു പുറമെ പദ്ധതി നിർവഹണ ഏജൻസികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും, കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. ഇവയ്ക്ക് പുറമെ പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത കാലാകാലങ്ങളിൽ വിലയിരുത്തി, അവയ്ക്ക് റാങ്കിംഗ് ഏർപ്പെടുത്തുന്ന രീതി നിലവിലുണ്ട്. പ്രവർത്തന രീതികളിൽ പോരായ്മകൾ കണ്ടെത്തുന്ന പക്ഷം വിവിധ മേഖലകളിൽ പരിശീലന പരിപാടികളും സാങ്കേതിക ഉപദേശങ്ങളും നൽകി എസ്.പി.വികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സഹായങ്ങളും കിഫ്ബിയുടെ ഭാഗത്തു നിന്നും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികൾക്കുള്ള ചെലവിനും ലോണുകളുടെ തിരിച്ചടവിനുമായി മോട്ടോർവാഹന നികുതിയുടെ ഒരു വിഹിതവും പെട്രോൾ/ഡീസൽ സെസ് മുഴുവനായും കിഫ്ബിക്ക് നൽകുന്നുണ്ട്. ഇതു കൂടാതെ കിഫ് ആക്റ്റിലെ വ്യവസ്ഥ പ്രകാരം പ്രത്യേക ഗ്രാന്റും നൽകുന്നുണ്ട്. റവന്യൂ ജനറേറ്റിംഗ് പദ്ധതികൾ പൂർത്തിയാകുന്ന മുറക്ക് അതിൽ നിന്നുള്ള തിരിച്ചടവും കിഫ്ബിക്ക് ലഭിക്കും.

അടിസ്ഥാന സൌകര്യ പദ്ധതികളുടെ വരവോടെയോ കാർബൺ ഫൂട്ട്പ്രിൻറ് കുറയ്ക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി രൂപപ്പെടാൻ സാധ്യതയുള്ള ദേശീയ അന്തർദേശീയ നയങ്ങളുടെയോ അടിസ്ഥാനത്തിലോ മറ്റു കാരണങ്ങളാലോ വാഹനനികുതിയുടെ വരുമാനത്തിലോ പെട്രോളിയം ഉല്പന്നങ്ങളുടെ സെസ്സിലോ എന്തെങ്കിലും കുറവ് സംഭവിച്ചാൽ അത്തരത്തിലുണ്ടാകുന്ന വരുമാന വിടവ് സർക്കാർ നികത്താൻ കിഫ് ആക്ട് വിവക്ഷിക്കുന്നുണ്ട്. ഇത്തരത്തിൽ 2021-22 സാമ്പത്തിക വർഷം കോവിഡ് മൂലമുണ്ടായ വരുമാന കുറവ് സർക്കാർ പരിഹരിക്കുകയും, മോട്ടോർവാഹന നികുതിയുടെ വിഹിതത്തിനും പെട്രോൾ/ഡീസൽ സെസിനും പുറമേ കിഫ്ബിക്ക് 322 കോടി രൂപ പ്രത്യേക ഗ്രാന്റായി നൽകുകയും ചെയ്തു. ഇത്തരത്തിൽ അടിസ്ഥാന സൌകര്യ വികസന പദ്ധതികൾ ലക്ഷ്യമിട്ട പോലെ പൂർത്തീകരിക്കുന്നതിനും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും, കിഫ്ബിയുടെ വരുമാനം പ്രതീക്ഷിത നിലവാരത്തിൽ തന്നെ നില നിർത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

2016 ലെ കിഫ് ഭേദഗതി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം എല്ലാ വർഷവും മോട്ടോർ വാഹന നികുതിയിൽ നിന്നുള്ള ഒരു വിഹിതവും (നിലവിൽ 50%), പെട്രോൾ/ഡീസൽ സെസ്സിൽ നിന്നുള്ള വിഹിതവും (ഒരു രൂപ/ലിറ്റർ നിരക്കിൽ) കിഫ്ബിയ്ക്ക് സർക്കാർ കൈമാറേണ്ടതാണ്. ഇത്തരത്തിൽ ഓരോ വർഷവും കിഫ്ബിയ്ക്ക് നൽകേണ്ട തുക നിശ്ചയിക്കുന്നത് തൊട്ടുമുമ്പുള്ള സാമ്പത്തിക വർഷത്തിൽ സമാഹരിച്ച മോട്ടോർ വാഹന നികുതിയുടെയും പെട്രോളിയം സെസ്സിന്റെയും അടിസ്ഥാനത്തിലാണ്. ഈ തുക ഓരോ സാമ്പത്തിക വർഷത്തിലെയും ഡിസംബർ 31 ന് മുമ്പ് കിഫ്ബിയ്ക്ക് കൈമാറണമെന്നും ആക്ടിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ വലിയൊരു തുക ഇത്തരത്തിൽ കൈമാറുന്നതിലൂടെ സർക്കാരിന് ദൈനംദിന ചെലവുകൾ വഹിക്കുന്നതിലുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ കുറക്കുന്നതിനായി നിലവിൽ ഈ തുക ദിവസേന കിഫ്ബിയ്ക്ക കൈമാറുവാനുള്ള സൌകര്യം ഒരുക്കിയിട്ടുണ്ട്.

2022 നവംബർ 30ലെ കണക്കുകൾ പ്രകാരം വിവിധ ലോണുകളിലൂടെയും ബോണ്ടുകളിലൂടെയും 19,220.48 കോടി രൂപയും മോട്ടോർ വാഹന നികുതിയുടെയും പെട്രോളിയം

സെസിന്റെയും, കോർപ്പസ് ഫണ്ട്, അധിക ഗ്രാന്റ് എന്നിവയുടെ വിഹിതമായി 14,919.61 കോടി രൂപയും ഉൾപ്പെടെ ആകെ 31,508.61കോടി രൂപ കിഫ്ബി സമാഹരിച്ചിട്ടുണ്ട്. ഇതിൽ നിന്നും 22,192.59 കോടി രൂപ പദ്ധതികൾക്കായും 687.64 കോടി രൂപ വായ്പയുടെ മുതലിന്റെ തിരിച്ചടവിനായും വിനിയോഗിച്ചിട്ടുണ്ട്.

| | അനുവദിച്ച തുക (കോടി രൂപ) | എടുത്ത തുക (കോടി രൂപ) |
|---|---|---|
| ധന വിപണിയൽ നിന്നും സമാഹരിച്ചത് | | |
| ലോണുകൾ (വിവധ ബാങ്കുകളിൽ നിന്നും) | 7,550.00 | 7,450.00 |
| നബാർഡ് | 1,626.73 | 1,365.00 |
| ആർ.ഇ.സി ലിമിറ്റഡ് | 4,713.71 | 2,943.96 |
| ഹഡ്കോ | 1,000.00 | 500.00 |
| കെ.എഫ്.സി | 1,000.00 | 1,000.00 |
| മസാല ബോണ്ട് | 2,150.00 | 2,150.00 |
| കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി (ബോണ്ട്) | 869.12 | 869.12 |
| നോർക്ക വെൽഫയർ ബോർഡ് ഡിവിഡന്റ് സ്കീം (ലോൺ) | 310.92 | 310.92 |
| SUB TOTAL (1) | **19,220.48** | **16,589.00** |
| **കിഫ് ആക്റ്റ് പ്രകാരം സർക്കാരിൽ നിന്നും ലഭിച്ചത്** | | |
| പെട്രോളിയം സെസ് | | 8,893.51 |
| മോട്ടോർ വാഹന നികുതി | | 3,205.61 |
| അധിക ഗ്രാന്റ് | | 322.07 |
| കോർപ്പസ് ഫണ്ട് | | 2,498.42 |
| SUB TOTAL (2) | | **14,919.61** |
| **ആകെ തുക (1+2)** | | **31,508.61** |

**സെക്ഷൻ ഓഫീസർ**